പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 321 09/04/2013-ൽ മറുപടിയ്ക്ക്

## പ്രകൃതി വാതക പൈപ്പ്ലൈൻ-ലാന്റ് അക്വിസിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ<br>ശ്രീ. എസ്. ശർമ്മ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രകൃതി വാതക പൈപ്പ്ലൈൻ ലാന്റ് അക്വിസിഷനെതിരെ നിർദ്ദിഷ്ട ലൈനിലെ സ്ഥലമുടമകൾ പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ സ്ഥലമുടമകളുടെ എതിർപ്പ് നിലവിലുണ്ട്. |
| (ബി) സ്ഥലവും വീടും ആദായവും നഷ്ടപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; | (ബി) പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആരുടേയും വീടുകൾക്ക് കേടുപാടുകളോ നഷ്ടമോ സംഭവിക്കില്ല. 1962-ലെ പെട്രോളിയം ധാതു-പൈപ്പ് ലൈൻ ആക്ട് അനുസരിച്ച് ഭൂമിയുടെ മാർക്കറ്റ് വിലയുടെ 10% ആണ് ഉപയോഗവകാശം ഏറ്റെടുക്കുന്നതിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി അനുവദിച്ചു നൽകുന്നത്. കെട്ടിടങ്ങൾക്കും മറ്റ് ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരവും നൽകും. ഓരോ സ്ഥലത്തും നിലവിലുള്ള ഫെയർവാല്യുവിന്റെ 3 ഇരട്ടിയായി മാർക്കറ്റ് വില നിശ്ചയിക്കാനും ആയതിന്റെ 10% നഷ്ടപരിഹാരമായി നൽകാനും ഉത്തരവായിട്ടുണ്ട്. ഫെയർവാല്യുവിന്റെ 5 ഇരട്ടിയായി മാർക്കറ്റ് വില നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിലൂടെ കടന്നു പോകുന്ന പൈപ്പ് ലൈനുകൾ പരിസ്ഥിതിക്കും സുരക്ഷയ്ക്കും ഏതെങ്കിലും നിലയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി അറിയാമോ; വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്ത് ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്ന ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി പരിസ്ഥിതി സൗഹാർദപരമായ ഇന്ധനം ഉപയോഗിച്ചുള്ളതും ഇത് കൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന പൈപ്പ് ലൈനുകൾ അന്താരാഷ്ട്ര നിർമ്മാണ നിലവാര പ്രകാരവുമാണ് സ്ഥാപിച്ചു വരുന്നത്. ഇതിന്റെ സുരക്ഷ ഉറപ്പാക്കാൻ ഓരോ 20 കി. മീറ്ററിലും ഉപഗ്രഹ നിരീക്ഷണ നിയന്ത്രിത വാൽവുകളും ഉപകരണങ്ങളും സ്ഥാപിക്കുന്നുണ്ട്. നിശ്ചിത സമയങ്ങളിൽ ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാർ പൈപ്പ് ലൈൻ പരിശോധിക്കുന്നതും റോഡ്, പുഴ ക്രോസിംഗ് പോയിന്റുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതുമാണ്. കമ്മീഷനിംഗിന് മുമ്പും ശേഷവും ടെക്ക്നിക്കൽ ഓഡിറ്റും നടത്തുന്നതാണെന്ന് ഗെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. പൈപ്പ്ലൈനിന്റെ സുരക്ഷയ്ക്ക് **Supervisory Control and Data Acquisition (SCADA)** അടിസ്ഥാനമാക്കിയുള്ള സുരക്ഷാ പദ്ധതിയാണ് നടപ്പാക്കുന്നത്. ഇതിന് രാജ്യാന്തര തലത്തിൽ അംഗീകാരം ഉള്ളതാണ്. സംസ്ഥാനത്തിലൂടെ കടന്നു പോകുന്ന പൈപ്പ് ലൈനുകൾ പരിസ്ഥിതിക്ക് യാതൊരു കോട്ടവും വരുത്തുന്നില്ല. മറിച്ച് പരിസ്ഥിതി മലിനീകരണം കുറയ്ക്കുവാൻ പ്രകൃതി വാതകം സഹായിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.